ഉത്തരം.

(എ) ഏകദേശം 38,470 രൂപ.

(ബി) 7,135 രൂപ.

(സി) നാലു വില്ലേജുകളിൽ; അതായതു് മടക്കത്താനം, വെങ്ങാല്ലൂർ, വാഴക്കുളം, തൊടുപുഴ.

(ഡി) 24-10-1953-ൽ മുപ്പത്തിനായിരം രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ചു. 20,020 രൂപയ്ക്കുള്ള ജോലി ഇതിനകം തീർത്തിട്ടുണ്ടു്. പണി തുടർന്നുകൊണ്ടിരിക്കുകയാണു്.

MR. SPEAKER: Order, order. Question time is over.

ADJOURNMENT MOTION.

1. *Re: The Indian Converts (Regulation and Registration) Bill introduced in the Lok Sabha.*

9 A.M.] MR. SPEAKER: Notice has been received of an adjournment motion, under Rule 55, stating that "The Indian converts (Regulations and Registration) Bill that has been introduced in Lok Sabha, is an infringement of the fundamental rights of Christians and Muslims".

This is not a matter concerning this Legislature of this part and therefore it cannot be allowed.

SHRI A. A. D. LUIZ: Sir, though it does not relate to this Legislature it concerns a great number of people of this State. So, I request that the debate may be allowed.

MR. SPEAKER: No. There is another adjournment motion given notice of by Shri P. K. Kunjachan. It is seen from the written statement accompanying the notice that it relates to the alleged assault of certain goondas on the Jatha from Pulladu to Vennikkulam on 27-10-1955 in support of the Agricultural Labourers' demand for increase in wages. But the subject matter of the motion is not given in the notices proper. The motion is out of order.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 66.

Re: Lending of Government owned Crusher to a P. W. D. Contractor.

Shri P. Bhaskaran Nair has given notice of a motion under Rule 66 regarding the lending of a Government owned crusher to a P. W. D. Contractor. The motion reads: "I wish to call the attention of the Works Minister to a matter of urgent public importance, *viz*;—

LIBRARY ARCHIVES Kerala Legislative Assembly

the grave situation arising out of the Government order lending a Government-owned machinery known as "Crusher" to Shri M. M. Itty. Manarcaud, P. W. D. Contractor for pounding granite into road-metal, thus throwing out of employment more than 500 granite workers, who have been working under the said contractor at 6th furlong 4th mile on the Palai-Erattupetta road."

ശ്രീ. പി. ഭാസ്കരൻ നായർ: സർ, പാലാ–ഈരാറ്റുപേട്ട റോഡിൽ നാലാം മൈലിൽ ആറാംഫർലാംഗിനു് അകത്തുള്ള സ്ഥലത്തു് 500-ൽ പരം കരിങ്കൽതൊഴിലാളികൾ വേലയെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അവർ കരിങ്കൽ ഉടച്ചു് റോഡു് മെറ്റൽചെയ്യുന്നതിനുള്ള പണിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേ ഗവണ്മെൻറു് ഉടമസ്ഥതയിലുള്ള ക്രഷർ യന്ത്രം ഉപയോഗിച്ചു് കൺട്രാക്ടർ മെറ്റൽ ഉണ്ടാക്കുന്നുള്ള സംരംഭത്തിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു. ഗവണ്മെൻറിന്റെ വക ഈ യന്ത്രം കൺട്രാക്ടർക്കു് നൽകിയിരിക്കുകയാണു്. ഇങ്ങനെ യന്ത്രംമൂലം കരിങ്കൽ ഉടച്ചു് മെറ്റൽ ഉണ്ടാക്കുന്നതുകൊണ്ടു് ആ പണിയിൽ ഏർപ്പെട്ടിരുന്ന 500–ൽപരം തൊഴിലാളികൾക്കു് വേലയില്ലാതായി തീർന്നിരിക്കുന്നു. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനംമൂലം തൊഴിലില്ലായ്മ പരിഹരിക്കാനും മറ്റും പല പദ്ധതികളും ഗവണ്മെൻറു് ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. ഉള്ള തൊഴിൽ നഷ്ടപ്പെടുത്തത്തക്ക വിധം ഗവണ്മെൻറു് ധിനതയിലുള്ള ഈ യന്ത്രം ഒരു കൺട്രാക്ടരെ ഏൽപ്പിച്ചു് ഒരു കൂട്ടം തൊഴിലാളികൾക്കു് വേലയില്ലാതാക്കിത്തീർക്കുന്നതു് ഒരുതരത്തിലും നീതികരിക്കാവുന്നതല്ല. അടിയന്തിരങ്ങളായ ആവശ്യങ്ങൾ ഒന്നൊന്നായി ഈ യന്ത്രവൽക്കരണംമൂലം ആ പണിക്കു് സാധിക്കാൻ ഇല്ലെന്നും അനേകം തൊഴിലാളികളെ വഴിയാധാരമാക്കുന്ന ഈ കാര്യത്തിൽ ഗവണ്മെൻറു് 'അരു' നിൽക്കരുതെന്നുമാണു് എനിക്കു പറയുവാനുള്ളതു്. ഇങ്ങനെ ഗവണ്മെൻറു വക യന്ത്രം ഉപയോഗിക്കുന്നതുമൂലം ആ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ വേലയില്ലാതെ വഴിനീളെ അലഞ്ഞുതിരിയുകയാണു്. യന്ത്രംമൂലം ആ പണി നടത്താതിരിക്കാൻ ഗവണ്മെൻറു് ഒരു സ്റ്റേ ഓർഡർ കൊടുക്കണം എന്നാണു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. എ. താണുപിള്ള: ഇതിൽ ആക്ഷേപമായിട്ടുള്ളതു് യന്ത്രം ഉപയോഗിക്കുന്നതോ ഗവണ്മെൻറിന്റെ യന്ത്രം കൊടുത്തതോ?

ശ്രീ. പി. ഭാസ്കരൻ നായർ: യന്ത്രം ഉപയോഗിക്കുന്നതുകൊണ്ടു് 500–ൽപ്പരം തൊഴിലാളികൾക്കു് വേലയില്ലാതാകുകയാണു്.

ശ്രീ. എ. താണുപിള്ള: കൺട്രാക്ടർ ഒരു യന്ത്രം വാങ്ങിയാലോ?

ശ്രീ. പി. ഭാസ്കരൻ നായർ: കൺട്രാക്ടർക്കു് കൂടുതൽ ലാഭം നേടിക്കൊടുക്കാൻവേണ്ടി ഗവണ്മെൻറു് സ്വീകരിച്ച ഒരു നടപടിയാണു് ഇതു്. മാത്രമല്ല, ഇന്നു തൊഴിലുള്ള അനേകംപേർ ഇതുമൂലം തൊഴിൽരഹിതരായിത്തീരുകയും ചെയ്യുന്നു; അതാണു് ആക്ഷേപം.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): സർ, അവിടെ നടക്കുന്ന പണിക്കു ഒരു യന്ത്രത്തിന്റെ സഹായം ആവശ്യമാണെന്നു കണ്ടതുകൊണ്ട് കൺട്രാക്ടറുടെ ഗവണ്മെൻറുമായി ഒരു കരാറിന്മേലാണ് ആ യന്ത്രം ഉപയോഗിക്കുന്നതു്. അങ്ങനെ യന്ത്രം ഉപയോഗിക്കുന്നതുമൂലം കുറച്ചുതൊഴിലാളികൾക്കു്, 500 തൊഴിലാളികൾക്കു് എന്നു കൃത്യമായി പറയുന്നതു ശരിയാണോ എന്നറിവില്ല—കുറെ തൊഴിലാളികൾക്കു് ജോലിയില്ലാതാകുമെന്നു പറയുന്നതു ശരിയാണു്. എന്നാൽ, ആ ജോലി, യന്ത്രസഹായം ഉണ്ടായാൽ മാത്രമേ വിചാരിക്കുന്നരീതിയിൽ, ഉദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടുമാത്രമാണു യന്ത്രം ഉപയോഗിക്കുന്നതു്.

MOTION UNDER RULE 137.

Re: Discussion on the Report of the States Re-organisation Commission (*Contd.*)

ശ്രീ. എം. പി. മേനോൻ: സർ, ദേവികുളം പീരുമേട് താലൂക്കുകളിലെ നദീജലംസംബന്ധിച്ചു മദ്രാസ്ഗവണ്മെൻറ് ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെക്കുറിച്ചാണു് ഇന്നലെ സഭ പിരിയുന്ന സമയത്തു് ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു്. മദ്രാസ്സ്റ്റേറിലെ ഒന്നരണ്ടു ഡിസ്ട്രിക്റ്റുകളിൽ ജലസേചനം നടത്താൻ പെരിയാറിലെയും, അതുപോലെ മറ്റു നദികളിലെയും വെള്ളം, തിരുവിതാംകൂർ–കൊച്ചി സ്റ്റേറിൽ നിന്നും തിരിച്ചുകൊണ്ടുപോയാൽ സൗകര്യമായിരിക്കുമെന്നുള്ളതിൽ തർക്കമില്ല. വെള്ളത്തിനു വളരെയേറെ ക്ഷാമമുള്ള പ്രദേശങ്ങളാണു് മധുര, രാമനാടു് മുതലായ ഡിസ്ട്രിക്റ്റുകൾ. അതിനാൽ അവർ ഉന്നയിച്ചിട്ടുള്ള ഈ ആവശ്യം, ജലദൗർലഭ്യംമൂലം വിഷമിക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായ ഒന്നാണെന്നതന്നെ സമ്മതിക്കാവുന്നതാണു്. പക്ഷേ, ദേവികുളം പീരുമേട് താലൂക്കുകൾ പുനഃസംഘടനയനുസരിച്ചു് മദ്രാസ്സ്റ്റേറിൽ ഉൾപ്പെട്ടതാണെന്നുള്ള വാദത്തിന്റെ മറ്റൊരു ഭാഗമായിട്ടാണു്, അതുമല്ലെങ്കിൽ, ആ വാദത്തിനു് ആവേശം നൽകുന്ന ഒരു ആവശ്യമായിട്ടാണു് ഇന്നു് അവർ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതെന്നു് നമുക്കെല്ലാവർക്കും അറിയാം.

[Mr. Deputy Speaker in the Chair]

SHRI N. G. CHACKO: Several members are desirous of participating in the discussion. I request the Chair to prescribe a time limit.

MR. DEPUTY SPEAKER: Members will be given ample time.

ശ്രീ. എം. പി. മേനോൻ: ഇന്നലെ, എന്റെ തമിഴ്നാടു സ്നേഹിതൻ ശ്രീ. ടി. ടി. ഡാനിയൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, പെരിയാർ ഡാം വളരെയധികം പണം ചെലവുചെയ്തു് മദ്രാസ്ഗവണ്മെൻറ് അവിടെ കെട്ടിയിട്ടുള്ളതാണു്, അതുകൊണ്ടു് ആ സ്ഥലങ്ങൾ തമിഴ്നാടിനോടു ചേർക്കേണ്ടതാണു് എന്ന അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly